"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ് - നബാർഡിന്റെ RIDF Tranche XXV-ൽ ഉൾപ്പെട്ട "Development of Fish seed Hatchery, Bhoothathankettu (Phase II) in Keeranpara Grama Panchayat" എന്ന പദ്ധതിക്ക് മൊബിലൈസേഷൻ അഡ്വാൻസ് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.72/2023/F&P തീയതി, തിരുവനന്തപുരം, 23-01-2023

---

പരാമർശം:-
1. സ.ഉ.(സാധാ) നം.996/2019/F&PD തീയതി 24/12/2019.
2. ഫിഷറീസ് ഡയറക്ടറുടെ 6/12/22, 21/12/22 എന്നീ തിയതികളിലെ ഡി.എഫ്.ടി.വി.എം/1276/2020/കെ1 നമ്പർ കത്ത്.

**ഉത്തരവ്**

നബാർഡിന്റെ RIDF Tranche XXV-ൽ ഉൾപ്പെട്ട "Development of Fish seed Hatchery, Bhoothathankettu (Phase II) in Keeranpara Grama Panchayat" എന്ന പദ്ധതിക്ക് പരമാർശം (1) പ്രകാരം 1120 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിരുന്നു. ടി തുകയിൽ 1064 ലക്ഷം രൂപ RIDF ലോണും, 56 ലക്ഷം രൂപ സംസ്ഥാന വിഹിതവുമാണ്. പ്രസ്തുത പദ്ധതിയുടെ Agreement, Work order, Technical Sanction, Administrative Sanction എന്നിവയുടെ പകർപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.വി.ഐ.പി ഡിവിഷൻ നം.1, പെരുമ്പാവൂർ സമർപ്പിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഫിഷറീസ് വകപ്പിന്റെ RIDF ശീർഷകമായ 4405-00-104-53 (P)-യിൽ നിന്നും മൊബിലൈസേഷൻ അഡ്വാൻസ് തുകയായ 212.8 ലക്ഷം രൂപ അനുവദിക്കുന്നതിനും നിർവ്വഹണ ഏജൻസിയായ ഇറിഗേഷൻ വകപ്പിന്റെ PWD ഡിപ്പോസിറ്റ് ശീർഷകം ആയ 8443-00-108-00-00-00-00-NV (DDO Code 120759D874)-ൽ അനുവദിച്ച നൽകുന്നതിനുള്ള നടപടിയും അടിയന്തരമായി സ്വീകരിക്കണമെന്ന് ഫിഷറീസ് ഡയറക്ടർ മേൽ പരാമർശ കത്ത് പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച NABARD RIDF TRANCHE XXV-ൽ ഉൾപ്പെട്ട "Development of Fish seed Hatchery, Bhoothathankettu (Phase II) in Keeranpara

Grama Panchayat" എന്ന പദ്ധതിയ്ക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ 2,12,80,000/- രൂപ [രണ്ടു കോടി പന്ത്രണ്ടു ലക്ഷത്തി എൺപതിനായിരം രൂപ], 4405-00-104-53 [P] എന്ന ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം [2022-'23] വകയിരുത്തിയിട്ടുള്ള ബജറ്റ് വിഹിതത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു. പ്രസ്തുത തുക PWD ഡിപ്പോസിറ്റ് ശീർഷകം ആയ 8443-00-108-00-00-00-00-NV (DDO Code 120759D874)-ൽ ക്രഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഫിഷറീസ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതീഷ്.എസ്.ധരൻ
അണ്ടർ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (21/01/2023-ലെ 1439632 NC A2/4/2020-FIN നമ്പർ കുറിപ്പ് പ്രകാരം)

ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ